MR. PAUL THALIAT : മുന്നാസ്ഥലത്തുള്ള അപേക്ഷകളുംകൂടി യോജിപ്പിച്ച് ഒരു സ്ഥലം നിർദ്ദേശിച്ച് അവിടെ ഡിസ്പെൻസറി വേണമെന്ന് അപേക്ഷ അയച്ചിട്ടുള്ളതായിഅറിയാമോ?

HON'BLE MR. C. KESAVAN : അവർ ഡെപ്യൂട്ടേഷൻ വന്നിരുന്നു. അപ്പോഴാ ഞാനാണ് അങ്ങനെ നിർദ്ദേശിച്ചത്. എന്നാൽ അപേക്ഷ ഇതുവരെ കിട്ടിയിട്ടില്ല. വന്നാൽ അതിനെപ്പറ്റി ആലോചിക്കുന്നതാണ്.

ഇലക്ട്രിസിറ്റി.

71. MR. C. NARAYANA PILLAI *(Mavelikkara I--General)* : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ?

(എ) ഇടപ്പള്ളി എന്ന ഗ്രാമത്തിലേക്ക ഇലക്ട്രിക്കലൈൻ നീട്ടുന്നതിന് ചെലവു വന്നിട്ടുള്ള പണമെത്ര;

(ബി) സ്വാധീനശക്തിയുള്ളവരുടെ മുതുക്കം ചില ഭവനങ്ങളിൽ മാത്രം ഇലക്ട്രിസിറ്റി ഘടിപ്പിക്കയും വ്യാവസായികാവശ്യങ്ങൾക്കും വില്ലേജ് യൂണിയൻ ആവശ്യപ്പെട്ടിട്ടുപോലും കൂടുതൽ ഇലക്ട്രിസിറ്റി അനുവദിക്കാതിരിക്കുകയും ചെയ്യുന്നതിനുള്ള കാരണങ്ങൾ;

(സി) ഏതു സ്വകാര്യഭവനങ്ങളിൽ ഇടപ്പള്ളിയിൽ ഇലക്ട്രിസിറ്റി ഘടിപ്പിച്ചിട്ടുണ്ടെന്നും അതിൽനിന്നും ഗവണ്മെന്റിന് ലഭിക്കുന്ന വരുമാനവും;

(ഡി) മുൻപിലത്തെ ഇലക്ട്രിക്ക് എൻജിനീയരുടെ, ഇടപ്പള്ളിയിൽ ഇളമക്കരെയുള്ള വസതിവരെ മാത്രം ലയിൻ നീട്ടുവാനുണ്ടായ കാരണം;

(ഇ) മണ്ണെണ്ണക്ഷാമംകൊണ്ട് മറ്റു പല വീട്ടുടമസ്ഥന്മാരും ഇലക്ട്രിസിറ്റി ആവശ്യപ്പെട്ടിട്ടും ഇലക്ട്രിക്ക് എൻജിനിയർ ലയിൻ നീട്ടുവാൻ വിസമ്മതിക്കുന്നതിനുള്ള കാരണം;

(എഫ്) ഇലക്ട്രിക്ക് ലയിൻ കൂടുതൽ നീട്ടുന്നതിന് അടങ്കൽ തയ്യാറാക്കിയിട്ടും അതിലേക്കുള്ള ജോലികൾ നിറുത്തിവയ്ക്കുവാൻ ഇലക്ട്രിക്ക എൻജിനീയർ ഉത്തരവു പുറപ്പെടുവിക്കാനുള്ള കാരണങ്ങൾ;

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. A. THANU PILLAI : (എ) ഫാക്ടറ്റ്.

(ബി) ഇടപ്പള്ളിയിൽ, ഗാർഹികാവശ്യങ്ങൾക്ക് ഇലക്ട്രിക് കണക്ഷൻ വേണമെന്ന അപേക്ഷിച്ചവർക്ക് അതനുസരിച്ച് കൊടുത്തിട്ടുണ്ട്. അല്ലാതെ സ്വാധീനശക്തിയെ അടിസ്ഥാനമാക്കിയല്ല. വ്യാവസായികമായ ആവശ്യങ്ങൾക്കും വില്ലേജ് അപ്ലിഫ്റ്റിന് ജോലിക്കും ഇലക്ട്രിസിറ്റി കൊടുക്കാൻ ഇടയാകാത്തത്, ലൈൻ നീട്ടുന്നതിനുള്ള സാമഗ്രികൾ ഇല്ലാത്തതുകൊണ്ടു മാത്രമാണ്.

(സി) ഫാക്ടറ്റിന്റെ വീടുകളിൽ വൈദ്യുതി ഫ്രീ ഓഫ് ചാർജ് ആണ്.

(ഡി) ആ റോഡിൽ കുറെ ദൂരത്തിൽ ആവശ്യക്കാരുണ്ടെങ്കിൽ ലൈൻ നീട്ടിയിട്ടുണ്ട്. അതിനപ്പുറം നീട്ടാത്തത് ആ സ്ഥലത്തു ആവശ്യക്കാർ ഇല്ലാതിരുന്നതിനാലാണ്.

(ഇ) ലൈൻ മെറ്റീരിയൽസ് ഇല്ലാത്തതുകൊണ്ടാണ്.

(എഫ്) അതും ലൈൻ മെറ്റീരിയൽസ് ഇല്ലാത്തതുകൊണ്ടു തന്നെയാണ്.

MR. C. NARAYANA PILLAI : ഹൗസ് കണക്ഷൻ ആവശ്യപ്പെട്ടാൽ കൂടുതലായി ലൈൻ നീട്ടുന്നതിനു തടസ്സമില്ലെങ്കിൽ, കൊടുക്കാമോ?

HON'BLE MR. A. THANU PILLAI : കൊടുക്കും.

കൃഷിഡിപ്പാർട്ടുമെന്റ്.

72. MR. C. NARAYANA PILLAI : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ?

തെങ്ങിൻവേരുകളെ ബാധിക്കുന്ന രോഗം ഇടപ്പള്ളിയിലും പരിസരപ്രദേശങ്ങളിലും ധാരാളമായി വ്യാപിച്ചുകൊണ്ടിരിക്കുന്ന വിവരം ഗവൺമെന്റിനറിയാമോ?

അതിനെ തടയുന്നതിനുള്ള പരിഹാരമാർഗ്ഗങ്ങൾ ഉടനെ സ്വീകരിക്കുവാൻ കൃഷിഡിപ്പാർട്ടുമെന്റിനു വേണ്ട നിർദ്ദേശങ്ങൾ നൽകുമോ?

HON'BLE MR. A. THANU PILLAI : അറിയാം. ആ രോഗങ്ങളുടെ നിവാരണത്തിനു വേണ്ട നടപടികൾ എടുത്തു, നിർദ്ദേശങ്ങൾ നൽകിവരികയാണ്.

MR. C. NARAYANA PILLAI : ആ നിർദ്ദേശങ്ങൾ നൽകുന്നതിനു വേണ്ടിയുള്ള അഗ്രികൾച്ചറൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് ഗവൺമെന്റ് നടപടി എടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly